കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ സി. കെ. വിൻസന്റിന് അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം. 1361/ 2016/തസ്വഭവ തീയതി, തിരുവനന്തപുരം 30/03/2016

പരാമർശം:
1. സ.ഉ(സാധാ) നം. 3574/2004/ തസ്വഭവ തീയതി 13.10.2004
2. സ.ഉ(സാധാ) നം. 2524/09/ തസ്വഭവ തീയതി 03.10.2009
3. ശ്രീ സി. കെ. വിൻസന്റിന്റെ 20/02/2015 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 13/08/2015 ലെ ഇ 6-24748/15 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. സി. കെ. വിൻസന്റിന് വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്കായി പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം 10/01/2010 മുതൽ 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ അവധിക്കാലയളവ് പൂർത്തിയാകുന്നതിന് മുമ്പ് 19/12/2014 ൽ ടിയാൻ ചേലക്കര ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പുനപ്രവേശിച്ചെന്നും ആയതിനാൽ ടിയാന് അനുവദിച്ച ശൂന്യവേതനാവധി കാലയളവിൽ ടിയാൻ വിനിയോഗിക്കാത്ത 19.12.2014 മുതൽ 09.01.2015 വരെയുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്യണമെന്നുമാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. സി.കെ.വിൻസന്റിന് പരാമർശം 2 പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്കാലയളവിൽ ടിയാൻ അനുഭവിയ്ക്കാത്ത 19.12.2014 മുതൽ 09.01.2015 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ചേലക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. സി. കെ. വിൻസന്റ്, ക്ലാർക്ക്,ചേലക്കര ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഇപിഎ 1/454/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ